കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താനാളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.15/15/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി.09-08-2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

താനാളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താനാളൂർ ഗ്രാമപഞ്ചായത്ത് 2015-16സാമ്പത്തിക വർഷങ്ങത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എം.പി.എം.15/15/2017

## മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-7-16 മുതൽ 19-12-16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.12.2016മുതൽ 30.12.2016വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി സുരേഷ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.പി മുഹമ്മദ് സിയാദ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യു.ആലസ്സൻകുട്ടി,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | |
| ശ്രീ.വി അബ്ദുറസാഖ് (വൈസ് പ്രസിഡന്റ്- അധിക ചുമതല) | 01.04.2015 മുതൽ<br>31.10.15വരെ |
| ഒഴിവ് | 01.11.2015 മുതൽ<br>30.11.2015 വരെ |
| ശ്രീ. വി അബ്ദുറസാഖ് | 01.12.2015 മുതൽ<br>31.03.2016 വരെ |
| സെക്രട്ടറി | |
| ശ്രീമതി.ശ്രീദേവി.എൻ (അസിസ്റ്റന്റ് സെക്രട്ടറി- അധിക ചുമതല) | 01.04.2015 മുതൽ 31.07.2015 വരെ |
| ശ്രീമതി. രമണി.എം | 31.07.2015 മുതൽ 31.03.2016 വരെ |

| | |
|---|---|
| അസിറ്റന്റ്സെക്രട്ടറി | |
| ശ്രീമതി.ശ്രീദേവി.എൻ | 01.04.2015 മുതൽ 19.08.2015 വരെ |
| ഒഴിവ് | 20.08.2015 മുതൽ<br><br>24.08.2015വരെ |
| ശ്രീ. എം.പി.അനിൽകുമാർ | 25.08.2015മുതൽ<br><br>31.3.16വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | |
| ശ്രീ.സാദിർ ഇബ്ന കാസിം | 01.04.2015 മുതൽ 31.12.2015 വരെ |
| ശ്രീ. ജയപ്രകാശ്.എം.ജെ(ചാർജ്) | 01.01.2016മുതൽ<br><br>31.03.2016 വരെ |
| കൃഷി ഓഫീസർ | |
| ശ്രീമതി.അപർണ കെ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | |
| ഡോ.അബ്ദുൾജലീൽ | 01.04.2015 മുതൽ 29.05.2015 FNവരെ |
| ഡോ. പ്രസന്നകുമാർ | 29.05.2015AN മുതൽ 01.07.2015 വരെ |
| ഡോ. ശ്രുതി.കെ.ടി | 02.07.2015മുതൽ<br><br>31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | |
| ശ്രീ. അബ്ദുറഹ്മാൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററനറി സർജൻ | |
| ഡോ. പി. കാർത്തികേയൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി.കാർത്യായനി | 01.04.2015 മുതൽ 30.05.2015 വരെ |
| ശ്രീമതി.കനകവല്ലി | 01.06.2015മുതൽ<br><br>30.12.2015 വരെ |
| ശ്രീമതി. പ്രേമ | 01.01.2016 മുതൽ<br><br>31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ഡോ.ഹേമലത | 01.04.2015 മുതൽ 03.07.2015 FN വരെ |
| ഡോ. ഫാത്തിമത്ത് താഹിറ | 03.07.2015ANമുതൽ<br><br>31.3.2016 വരെ |
| വി.ഇ.ഒ. | |
| ശ്രീ. അനിൽകുമാർ.ഡി | 01.04.2015 മുതൽ<br><br>28.02.2016 വരെ |
| ഒഴിവ് | 29.02.2016 മുതൽ<br><br>19.03-2016 വരെ |
| ശ്രീമതി . അനിത | 20.03.2016 മുതൽ 31-03-2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തു നികുതി കുറവായി ഈടാക്കി | 2-1 |
| 13 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല - | 2-2 |
| 14 | ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ | 2-3 |
| 15 | ലൈസൻസ് വിതരണം കാര്യക്ഷമമല്ല | 2-4 |
| 16 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല - | 2-5 |
| | ഭാഗം 3 | |
| 17 | മരാമത്ത് ബില്ലുകളിൽനിന്നും മൂല്യവർദ്ധിതനികുതി കുറവായി ഈടാക്കിയത് | 3-1 |
| 18 | ഗുണഭോക്തൃസമിതി മുഖേന ചെയ്ത മരാമത്ത് പ്രവർത്തികളിൽ വ്യാജബില്ലുകൾ | 3-2 |
| 19 | യൂത്ത് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം - അംഗീകാരമില്ലാത്ത ക്ലബുകൾക്ക് കിറ്റ് നൽകി | 3-3 |
| 20 | സ്ട്രീറ്റ് മെയിൻ വലിക്കൽ - കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തത് | 3-4 |
| 21 | മീഡിയശ്രീപദ്ധതി - ഡോക്യുമെന്ററി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല | 3-5 |
| 22 | ആശ്രയ പദ്ധതി | 3-6 |
| 23 | പരിധിയിൽ കവിഞ്ഞ തുക നല്കിയത് അംഗീകരിക്കുന്നില്ല | 3-7 |
| 24 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-8 |
| 25 | പരിരക്ഷ:അപാകതകൾ | 3-9 |
| 26 | ടെണ്ടർ നടപടി കൂടാതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി | 3-10 |
| 27 | അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന് അധികം തുക നൽകി | 3-11 |
| 28 | അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത | 3-12 |
| 29 | ഇ.എം.എസ് ഭവന പദ്ധതി-വീട് നിർമ്മാണം പൂർത്തീകരിച്ചില്ല | 3-13 |
| 30 | വെറ്റിനറി:പദ്ധതികൾ മുഴുവനായും നടപ്പാക്കിയില്ല - | 3-14 |
| | ഭാഗം 4 | |

| | | |
|---|---|---|
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 26-02-2015ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

2015-16 ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻറ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 5200000 | 7560516 | 70360516 |
| 2 | തൊഴിൽ നികുതി | 1800000 | 1481040 | 318960 |
| 3 | D&O | 50000 | 107600 | 4300 |
| 4 | പെർമിറ്റ് ഫീ | 400000 | 136925 | 263075 |

D&O ഒഴികെയുള്ള ഇനങ്ങൾ ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയാണ്. ഡിമാന്റായി ഉൾപ്പെടുത്തുന്നത്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കേണ്ടതാണ്.
തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ,ആക്ടിലെ 207 വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ,ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്ക് ,ജലവിതരണം , ,എന്നീ സേവനങ്ങൾക്ക് തുക

ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 25-08-2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

1. വാർഷിക പത്രികയിൽ കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് ചട്ടങ്ങൾ )ചട്ടം 62 (2- ഇ)പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ എന്നിവ ഉൾകൊള്ളിച്ച്കൊണ്ട് കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.
2. കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് ചട്ടങ്ങൾ )ചട്ടം 60 പ്രകാരം നിർദേശിച്ച വരവ് ചെലവ് കണക്കുകൾ ഓരോ മാസവും 10 ◌ാം തിയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണമെന്ന നിർദേശം പാലിച്ചിട്ടില്ല.
3. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾകൊള്ളിച്ച്കൊണ്ട് സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല (ഷെഡ്യൂൾ B- 14).
4. ഇനിയും ചെലവഴിക്കാനവശേഷിക്കുന്ന BPL ഇൻസെന്റീവ് തുക തിരിച്ചടച്ചിട്ടില്ല(ഷെഡ്യൂൾ B-9).
5. നികുതി-നികുതിയേതര വരുമാനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. a) മാർക്കറ്റ് പിരിവ് കുടിശ്ശിക 2014-15 വർഷ AFS പ്രകാരം 0 ആയിരുന്നു എന്നാൽ 2015-16 വർഷ AFS പ്രകാരം കുടിശ്ശിക ഇനത്തിൽ 5450( ഷെഡ്യൂൾRP-43) രൂപ പിരിവ് വന്നിട്ടുണ്ട്.

   b) ഗാർഹിക കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക 2014-15 വർഷ AFS പ്രകാരം 693971.34(ഷെഡ്യൂൾ B-15) ആണ് എന്നാൽ 2015-16 വർഷ AFS പ്രകാരം ഇത് 2163145.34 (ഷെഡ്യൂൾ RP-43+B-15)ആണ്.
7. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല,വൗച്ചർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
8. B-17 ഷെഡ്യൂൾ പ്രകാരമുള്ള ജലനിധി ബാങ്ക് ബാലൻസ് തുക 494127 ആണ് എന്നാൽ B- 4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന തുക 63352 ആണ്.
9. ബാലൻഷീറ്റ് പ്രകാരം 1691312 (B- 12 ഷെഡ്യൂൾ) രൂപ സ്ഥിര നിക്ഷേപമുണ്ട് എന്നാൽ ഷെയർ സർട്ടിഫിക്കറ്റ്/ഡെപ്പോസിറ്റ് രസീതികൾ, രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
10. സാംഖ്യ ആരംഭിക്കുന്നതിനു മുമ്പുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ബാലൻഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
11. 2014-15 വർഷ സാക്ഷ്യ പത്രത്തിലെ അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.
12. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
13. ഷെഡ്യൂൾRP-32 പ്രകാരം 277385 രൂപ ഇ.എം.എസ് ലോൺ ഇനത്തിൽ തിരിച്ചടച്ചിട്ടുണ്ട്.എന്നാൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
14. വാർദ്ധക്യകാല പെൻഷൻ തുകയുടെ വിശദാംശങ്ങൾ AFS ൽ രേഖപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾI-6&I-14(d)
15. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-18 പരിശോധിക്കാനായിട്ടില്ല.
16. KSEB ക്ക് നൽകിയ ഇനിയും ക്രമീകരിക്കാനുള്ള 116928 രൂപ (ഡെപ്പോസിറ്റ് വർക്ക്) ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഷെഡ്യൂൾ (B-18)

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 1-4സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 41302220 |
| വരവ് | 44828876 |
| ആകെ | 86131096 |
| ചെലവ് | 47961367 |
| നീക്കിയിരുപ്പ് | 3816972 |

## 1-5 ഫണ്ട് വിനിയോഗം

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | നീക്കിയിരിപ്പ് (ഗവ. പിൻവലിച്ചത്) | ചെലവ് ശതമാനം | നീക്കിബാക്കി RP-40b പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3861882 | 8176607 | 15406261 | 27444750 | 13054526 | 0<br>14390224 | 47.57 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1105295 | -1105295 | 3285295 | 3285295 | 1328150 | 0<br>1957145 | 40.43 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 7000 | 7000 | 7000 | 0 | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 578247 | 0 | 7041000 | 7619247 | 6257050 | 1362197 | 82.12 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2279400 | 0 | 4100000 | 6379400 | 3039352 | 3340048 | 47.64 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 608309 | -2816509 | 9107338 | 6899138 | 6886390 | 12748 | 99 | 0 |
| ലോക ബാങ്ക് സഹായം | 4254803 | -4254803 | 4254803 | 4254803 | 4222175 | 32628 | 99 | 0 |
| NREGS | 1704 | -- | 6502001 | 6503705 | 6498771 | 4934 (പിൻവലിച്ചിട്ടില്ല) | 99.9 | 4934 |
| B | 0 | -- | 22904065 | 22904065 | 22904065 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 80899477 | 125 | 43485783 | 12 | 78 | 58 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് ആകെ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5592658 | 7086173 | (+)1493515 | 26 |
| നികുതിയേതര വരവുകൾ | 754230 | 684200 | (-)70030 | -9 |
| മറ്റുവരവുകൾ | 332130 | 109969 | (-)222161 | -66 |
| ആകെ | 6679018 | 7880342 | (+)1201324 | 17 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51120 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 1790040 | 222 |
| വിധവാപെൻഷൻ | 16262600 | 1557 |
| വാർദ്ധക്യകാലപെൻഷൻ | 13689240 | 1705 |
| വികലാംഗപെൻഷൻ | 4267425 | 418 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 416880 | 40 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-12-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 32458 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 16(1), സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 എന്നിവ പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരായ ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ, തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7 എ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

വസ്തു നികുതി ഡിമാന്റ്, സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യൂംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2016 | 01.11.2016 to 30.11.16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2012 to 12.08.12 | 2004-05 to 2009-10 | 24.09.2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിന്റെ 2015 വർഷ വസ്തു നികുതി പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ ( ജി.ഒ.(പി) 20/11ത.സ്വ.ഭ.വ. 14-1-2011 പ്രകാരമുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ.

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തുനികുതി /LC | ഈടാക്കിയത് | ഈടാക്കിയതിൽ കുറവ് വസ്തു നികുതി | LC |
|---|---|---|---|---|---|
| ശ്രീ.മോയീൻകുട്ടി( 18/11C). ജിയോ പ്ലാസ്റ്റിക് & പോളിമേർസ് | വാണിജ്യം. 112.96 m2<br>(5 മുറികൾ) | 112.96*60=6778-അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്<br>പ്രകാരമുള്ളനിയമാനസൃത ഇളവ് =25%=1695+ വർദ്ധനവ് =20%=1356=(6778-1694+1356)<br>PT=6440,<br>LC(5%)=322 | PT= 4294<br>LC=215<br>Rt.No.<br>11513104796/ 23-1-16 | 2146 | 107 |
| | | | | 2146 | 107 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 13/29-12-2016 ന് മറുപടി നൽകിയിട്ടില്ല.പ്രസ്തുത തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ 2015-2016 വർഷങ്ങളിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ)വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. (ലൈബ്രറി സെസ്സ് 5% ഉൾപ്പെടെ)

കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി- 30,44294രൂപ

തൻവർഷം ഡിമാന്റ് പിരിവ് ബാക്കി - 44,43895രൂപ

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)പെർമിറ്റ്ഫീസ് കുറവായി ഈടാക്കി

ചുവടെ ചേർത്തിരിക്കുന്ന ഉടമകളിൽ നിന്നും 2011 ലെ കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട ഉടമക | കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ. ഹംസ | വാണിജ്യം, 68.74 m2 | 68.74*7= 481 | 344 Rt.No.11513100615/7-5-15 | 137 |
| ശ്രീ.മുഹമ്മദ് ബാവ | വാണിജ്യം, 500 m2 | 500*7=3500 | 2500 Rt.No.11513101402/11-6-15 | 1000 |
| ശ്രീമതി.ജമീല | വാണിജ്യം, 319.9m2 | 319.9*7= 2239 | 1596 Rt.No.11513101459/15-6-15 | 643 |
| ശ്രീമതി.കുഞ്ഞിപ്പാത്തു | വാണിജ്യം, 171.66m2 | 171.66*7= 1202 | 858 Rt.No.11513102295/18-8-15 | 344 |
| ശ്രീ.അബൂബക്കർ | വാണിജ്യം, 999.15m2 | 999.15*7= 6994 | 4996 Rt.No.11513101703/1-7-15 | 1998 |
| ശ്രീ.നൂറുദ്ധീൻ ഹാജി | വാണിജ്യം, 494m2 | 494*7= 3458 | 2470 Rt.No.11513101912/14-7-15 | 988 |
| ശ്രീ.കുഞ്ഞിമുഹമ്മദ്കുട്ടി | വാണിജ്യം, 90m2 | 90*7= 630 | 450 Rt.No.11513102267/13-8-15 | 180 |
| ശ്രീമതി.നസീറ | മദ്രസ 131.77m2 | 131.77*7= 922 | 659 Rt.No.11513102296/18-8-15 | 263 |
| ശ്രീ.ഹനീഫ | വാണിജ്യം, 245.6m2 | 245.6*7= 1719 | 1228 Rt.No.11513103688/18-11-15 | 491 |
| ശ്രീ. കുഞ്ഞിപ്പ | വാണിജ്യവും ഗാർഹികവും. വാണിജ്യം,(1377.13 m2) / ഗാർഹികം(445.71) 1822.84m2 | 1377.13*7= 9639 + 445.71*5= 2229= (9639+2229) 11868 | 9640 Rt.No.11513106009/2-3-16 | 2229 (ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 29-12-16 ന്11610103681 നമ്പർ റസീറ്റ് പ്രകാരം അടവാക്കി) |
| | | | ആകെ | 8273 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14/29-12-16 ന് നൽകിയ മറുപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.പെർമിറ്റ് ഫീസ് ഇനത്തിൽ കുറവായി ഈടാക്കിയ 6044 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേതാണ്

2)പെർമിറ്റ് അനുവദിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിട നിർമ്മാണം അംഗീകരിച്ച് / നിരാകരിച്ച് സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതാണ്.എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൽ നാളിതുവരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| അപേക്ഷകന്റെ പേര് | കറന്റ് നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|
| ശ്രീ.പ്രബീഷ് | A4-4666/15 | 3-7-15 |
| ശ്രീ.നിസാർ | A4-4806/15 | 10-7-15 |
| ശ്രീ.അഹമ്മദ് ഹാജി | A4- 5738/15 | 14-8-15 |
| ശ്രീ. സുനിൽകുമാർ | A4-6915/15 | 25-9-15 |
| ശ്രീ. സുരേഷ് പുത്തൻ വീട്ടിൽ | A4-1708/16 | 2-3- |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-/14-12-16 ന് നൽകിയ മറുപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. പെർമിറ്റ് അനുവദിക്കാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്

## 2-4 ലൈസൻസ് വിതരണം കാര്യക്ഷമമല്ല

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10). 2015-16 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ പലതും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കാണുന്നില്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.പുതുക്കി നൽകുമ്പോൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നും ഉറപ്പുവരുത്താൻ സാധിക്കാതെ വരുന്നു. . സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ്

പുതുക്കുന്ന സമ്പ്രദായം നിലവിൽ വരേണ്ടതാണ്. ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് എൻക്വയറി(നം.10/26.12.16) നല്കിയതിനു മേൽ സ്ഥാപനങ്ങൾക്ക് നിലവിൽ ലൈസൻസ് എടുക്കാൻ സിവിൽ സപ്ലൈസിൽ വ്യവസ്ഥയില്ലെന്ന മറുപടി നല്കി. മേൽ മറുപടിക്ക് ആധാരമാക്കിയ ഉത്തരവുകൾ ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാൻ നടപടി സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതി മുഖേന ചെയ്ത മരാമത്ത് പ്രവൃത്തികളിൽ വ്യാജബില്ലുകൾ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്.

ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ നിന്നും സാധനസാമഗ്രികൾ പ്രവർത്തിസ്ഥലത്ത് എത്തിച്ചതിന്

വാഹനവാടകയടക്കം നല്കിയ വൗച്ചറുകൾ കേരള സംസ്ഥാന മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റുമായി ഒത്തുനോക്കി പരിശോധിച്ചപ്പോൾ അവ വ്യജമാണെന്ന് ബോധ്യപ്പെട്ടു.

| ക്രമ നമ്പർ | പ്രൊജക്ട്, | കൺവീനർ,<br>ബിൽ നം. കൈപ്പറ്റിയ തുക | വ്യാജബിൽ പ്രകാരമുള്ള തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 161/16<br>Mullammadu<br>Mujahidpalli Road | മുഹമ്മദ്റാഫി,<br>45/15-16 dt. 30.3.16<br>2,54,000 | 68,000 | 8.9.15ൽ നാസർ<br>വൈലത്തൂർ KL55D1508 വാഹനത്തിൽ മെറ്റൽ<br>എത്തിച്ചതിന് നല്കിയത്.ഈ വാഹനം മാരുതിസുസുക്കി മോട്ടോർകാറാണ് |
| 2 | 53/16Neettiyilpadam Footpath concreting | അബ്ദുൾഗഫൂർ ടി.ടി<br>21/15-16 dt. 26.12.15<br>2,79,000 | 88,100 | 5.8.15ലെ മുനീർ താനാളൂർ ക്വാറിമക്ക്,മെറ്റൽ എന്നിവ KL55C1752വാഹനത്തിൽ എത്തിച്ചതിന് നല്കിയത്.<br>ഈ വാഹനം മോട്ടോർസൈക്കിളാണ് |
| 3 | -do- | -do- | 37,500 | 5.8.15ന് KL53G-1820 വാഹനത്തിൽ എത്തിച്ചതിന്<br>രാജൻ കോട്ടക്കൽ എന്നയാൾക്ക് നല്കിയത്.<br>ഈ വാഹനം ഹോണ്ട മോട്ടോർസൈക്കിളാണ് |
| 4 | 154/16Pakara Melepeedika | നൗഷാദ് | 18,000 | 11.9.15ന് ക്വാറിമക്ക് KL55F9226 വാഹനത്തിൽ |

| | | | | |
|---|---|---|---|---|
| | highschool Road concrete | 46/15-16 dt.30.3.16<br>1,66,000/- | | എത്തിച്ചതിന് നാസറിന് നൽകിയത്.<br>ഈ വാഹനം മാരുതി ആൾട്ടോയാണ് |
| 5 | -do- | -do- | 21750 | 10.10.15ന് സുധീർ താനാളൂരിന് KL55D6518 വാഹനത്തിൽ<br>മണൽ എത്തിച്ചതിന് നൽകിയത്.<br>ഈ വാഹനം ഹോണ്ട മോട്ടോർസൈക്കിളാണ് |
| 6 | 79/16 Valiyathpadi Nechikad Road | മുഹമ്മദ് ബഷീർ<br>53/15-16 dt. 31.3.16<br>3,50,000 | 1,07,700 | KL55G 1820 വാഹനത്തിൽ മെറ്റൽ കൊണ്ടുവന്നതിന് മാന<br>, പകര എന്നയാൾക്ക് നല്കിയത്.<br>ഈ വാഹനം മോട്ടോർസൈക്കിളാണ് |
| | | ആകെ | 3,41,050 | |

ഓഡിറ്റ് എൻക്വയറി നം.12/2016 dt. 27.12.16 മറുപടിയിൽ ഇവ വ്യാജബില്ലുകളല്ലെന്നും സാധനസാമഗ്രികൾ ലോറികളിൽതന്നെയാണ് സൈറ്റുകളിൽ എത്തിച്ചിട്ടുള്ളതെന്നും വാഹനനമ്പർ പരിശോധിക്കുക പ്രായോഗികമല്ലെന്നും വിശദീകരിക്കപ്പെട്ടു. മറുപടി തൃപ്തികരമല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങുന്ന സാധനങ്ങൾക്ക് വാറ്റ് ബില്ലുകൾ കർശനമായും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-2 യൂത്ത് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം - അംഗീകാരമില്ലാത്ത ക്ളബുകൾക്ക് കിറ്റ് നൽകിയത്

യൂത്ത് ക്ളബുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൽ നല്കുന്നതിനായി ഡി.പി.സി യുടെ അംഗീകാരം ലഭിച്ച 180/16പ്രൊജക്ടിൽ ₹ 2,00,000/- രൂപ വകയിരുത്തുകയും (വികസനഫണ്ട്) വൗച്ചർ നമ്പർ 21500735/10.3.16 പ്രകാരം ₹ 1,99,800/- രൂപ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന് നല്കുകയും ചെയ്തിട്ടുണ്ട്. (ഡി.ഡി നം.190063/19.3.16). നെഹ്റു യുവകേന്ദ്ര, സ്പോർട്ട്സ് കൗൺസിൽ എന്നിവയിൽ രജിസ്റ്റർ ചെയ്ത ക്ളബുകൾക്കാണ് സ്പോർട്ട്സ് കിറ്റിന് അർഹതയുള്ളത്. എന്നാൽ 1860ലെ സൊസൈറ്റീസ് ആക്ട് XXI പ്രകാരം രജിസ്റ്റർ ചെയ്ത ക്ളബുകൾക്കും യാതൊരു രജിസ്ട്രേഷനുമില്ലാത്ത ക്ളബുകൾക്കും സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | യൂത്ത് ക്ളബ് | രജിസ്ട്രേഷൻ |
|---|---|---|
| 1 | നവോദയ സാസ്കാരികവേദി & വായനശാല കെ.ടി ജാറം | സൊസൈറ്റീസ് ആക്ട് |
| 2 | RFC മൂച്ചിക്കൽ, ചെറുമൂച്ചിക്കൽ | -do- |
| 3 | മിറാനിയ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്,മീനടത്തൂർ | -do- |
| 4 | സിൽവർസ്റ്റാർ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്,കോട്ടുവാലപ്പീടിക | -do- |
| 5 | നെഫാ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്, കെ.പുരം | -do- |
| 6 | യുവചേതന കലാസാംസ്കാരികവേദി, തലക്കടത്തൂർ | -do- |
| 7 | ക്രയേറ്റീവ് കെ.പുരം ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്, കമ്പനിപ്പടി | ഹാജരാക്കിയില്ല, ക്ലബ്ബുകളുടെഅപേക്ഷ മാത്രമേ ഫയലിൽ ഉള്ളൂ. |
| 8 | സിറ്റിസൺ, അയ്യായ റോഡ്, താനാളൂർ | -do- |

| | | |
|---|---|---|
| 9 | സോപാനം, കെ.പുരം, വട്ടത്താണി | -do- |
| 10 | സഹൃദയ കലാസാംസ്കാരികവേദി,<br>കെ.വി പാറപ്പുറം | -do- |
| 11 | ചലനം കലാസാംസ്കാരികവേദി,<br>തലക്കടത്തൂർ | -do- |
| 12 | വിന്നേഴ്സ്, ഈസ്റ്റ് മീനടത്തൂർ | -do- |
| 13 | വിസ്മയ ആർട്ട്സ് & സ്പോർട്ട്സ്<br>ക്ളബ്, ഈസ്റ്റ് മീനടത്തൂർ | -do- |
| 14 | ദേവദാർ ബോയ്സ് സ്പോർട്ട്സ്<br>ക്ളബ്, കെ.പുരം | -do- |
| 15 | യുവദാര കലാസാംസ്കാരികവേദി,<br>കണ്ടങ്ങൽ | -do- |
| 16 | നവധാര കലാസാംസ്കാരികവേദി,<br>താമരക്കുളം | -do- |
| 17 | കളേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്,<br>താടിപ്പടി | -do- |
| 18 | ടീംസിറ്റി, തലപ്പറമ്പ് | -do- |
| 19 | സാഗർ ആർട്ട്സ് &<br>സ്പോർട്ട്സ് ക്ളബ് താനാളൂർ | -do- |
| 20 | സെഞ്ച്വറി ബോയ്സ് ആർട്ട്സ് &<br>സ്പോർട്ട്സ് ക്ളബ്, താനാളൂർ | -do- |
| 21 | അൽമസർ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്,<br>താനാളൂർ | -do- |
| 22 | MFC ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്,<br>താനാളൂർ | -do- |
| 23 | പഞ്ചമി ബോയ്സ്, താനാളൂർ | -do- |
| 24 | കിലാടി ബോയ്സ്ആർട്ട്സ് &<br>സ്പോർട്ട്സ് ക്ളബ്,താനാളൂർ | -do- |
| 25 | സ്റേഡിയം ഫ്രണ്ട്സ് ആർട്ട്സ് &<br>സ്പോർട്ട്സ് ക്ളബ്,താനാളൂർ | -do- |
| 26 | യുവധാര കലാസാംസ്കാരികവേദി<br>മീനടത്തൂർ | -do- |
| 27 | SRC പട്ടരുപറമ്പ് | -do- |
| 28 | വാരിയേഴ്സ് ആർട്ട്സ് &<br>സ്പോർട്ട്സ് ക്ളബ്,പട്ടരുപറമ്പ് | -do- |
| 29 | എവർടെആർട്ട്സ് &<br>സ്പോർട്ട്സ് ക്ളബ്,പട്ടരുപറമ്പ് | -do- |
| 30 | പാദം ബോയ്സ്, പട്ടരുപറമ്പ് | -do- |
| 31 | ചരിത്ര കലാസാംസ്കാരികവേദി, പട്ടരുപറമ്പ് | -do- |
| 32 | ട്രാൻസ്ഫോർമർ ബോയ്സ്, പട്ടരുപറമ്പ് | -do- |
| 33 | തണൽ സാസ്കാരികവേദി,<br>വട്ടത്താണി | -do- |

ഓരോ ക്ളബുകളും ക്രക്കറ്റ് ബാൾ - 1, ഷട്ടിൽബാറ്റ്-4 ഫൂട്ട്ബാൾ-2 വോളിബോൾ-1, നെറ്റ്-1 എന്നിവയാണ് കൈപ്പറ്റിയിട്ടുള്ളത്. ഈ ക്ളബുകളുടെ അംഗീകാരരേഖകൾ ലഭ്യമാക്കുന്നതുവരെ കൈപ്പറ്റിയ സാധനങ്ങളുടെ ചെലവ് തുക 1,88,334/- (ടാക്സ് ഉൾപ്പെടെ) തടസത്തിൽവെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി_നം.03/2016 dt. 23.12.16 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.)

## 3-3 സ്ട്രീറ്റ് മെയിൻ വലിക്കൽ - കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തത്

താനാളൂർ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതിലൈൻ വലിക്കുന്നതിനായി രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി 24,95,748/- രൂപ വിവിധ കെ.എസ്.ഇ.ബി സെക്ഷനുകളിൽ അവരുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ

| പ്രൊജക്ട് | സ്ട്രീറ്റ് മെയിൻ | ഡിവിഷൻ | ഡെപ്പോസിറ്റ് | വൗച്ചർ, ഡി.ഡി നമ്പർ |
|---|---|---|---|---|
| 234/16 സ്ട്രീറ്റ്മെയിൻ വലിക്കൽ( ധനകാര്യകമ്മീഷൻ ഗ്രാന്റ് | ആലിൻചുവട് മേൽപ്പാലം റോഡിൽ | തിരൂർ വെസ്റ്റ് കെ.എസ്.ഇ.ബി | 33,100 | 21500910/ 31.3.16, 192009/4.4.16 |
| -do- | കുറിപ്പാടം തുറവയിൽ റോഡ് | -ടി- | 65,750 | -do- |
| -do- | പഞ്ചായത്തിലെ വിവിധസ്ഥലങ്ങളിൽ | താനാളൂർ ഡിവിഷൻ | 10,93,808 | 21500863/ 31.3.16 191999/ 4.4.16 |
| -do- | വിവിധസ്ഥലങ്ങളിൽ | പൊൻമുണ്ടം ഡിവിഷൻ | 2,98,650 | -do- 192001/ 4.4.16 |
| -do- | മൂലക്കൽ കാളാട് റോഡ് | താനൂർ സെക്ഷൻ | 4,99,825 | 21500909/ 31.3.16 192008/4.4.16 |
| 229/16 streetmain in various places (വികസനഫണ്ട്) | പകര-ജുമാമസ്ജിദ് റോഡ്-50050, വട്ടത്താണി-അയ്യായ,കേളപുരം-മീനടത്തൂർ-454565, | താനാളൂർ ഡിവിഷൻ | 5,04,615 | 21500887/ 31.3.16 192007/4.4.16 |
| | | ആകെ | 24,95,748 | |

തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-4 മീഡിയശ്രീപദ്ധതി - ഡോക്യുമെന്ററി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

നിർവഹണം അസിസ്റ്റന്റ് സെക്രട്ടറി

വികസനഫണ്ട് ₹ 65,000/- രൂപ അടങ്കലായി നിശ്ചയിച്ച് 138/16 ആയി തദ്ദേശഭരണസ്ഥാപനങ്ങളുടെ ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കുകയും മേൽ തുക ഡി.ഡി നം. 190515/22.3.16 തിരുവനന്തപുരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഡോക്യുമെന്ററി തയ്യാറാക്കിയതായ രേഖകൾ ഫയലിൽനിന്നും ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.07/2016 dt. 24.12.16 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ സംസ്ഥാനമിഷനിൽനിന്നും ഡോക്യുമെന്ററി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികളൊന്നും

സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-5 ആശ്രയ പദ്ധതി

സമൂഹത്തിലെ നിരാലംബരും അഗതികളുമായവരെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയപദ്ധതി.ഇതിന് നിർബന്ധമായും പ്രൊജക്ട് ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും തയ്യാറാക്കിയിരിക്കണം. ആശ്രയപദ്ധതിയിലെ നിശ്ചിത ഘടകങ്ങൾക്കുവേണ്ട സഹായം ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നല്കാം. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി അഗതികുടുംബങ്ങളെ കണ്ടെത്തുകയും ഒൻപത് ക്ളേശഘടകങ്ങളിൽ ഏഴ് എണ്ണമെങ്കിലും ബാധകമായവരെ ഉൾപ്പെടുത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയും വേണം.

താനാളൂർ ഗ്രാമപഞ്ചായത്തിൽ ഈ രീതിയിൽ ആവിഷ്കരിച്ച് നടപ്പാക്കിയ ഒന്നാംഘട്ട പദ്ധതിയുടെ വിശകലനം ചുവടെ പറയുന്നു.

| ക്രമ നമ്പർ | സേവന പാക്കേജ് | ഗുണഭോക്താക്കൾ | സേവനം ലഭിച്ചവർ | അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 84 | -- | 1,00,800 | -- | -- |
| 2 | ചികിത്സ | 48 | 2 | 48,000 | 2,000 | 4 |
| 3 | വിദ്യാഭ്യാസം | 37 | 14 | 37,000 | 14,000 | 38 |
| 4 | വസ്ത്രം | 61 | -- | 30,500 | -- | -- |
| 5 | ഭൂമി | 53 | 20 | 10,33,500 | 3,90,000 | 38 |
| 6 | വീട് | 77 | -- | 27,85,000 | 6,20,000 | 22 |
| 7 | വീട് റിപ്പയർ | 9 | 5 | 67,500 | 37,500 | 56 |
| 8 | കക്കൂസ് | 87 | 22 | 1,74,000 | 44,000 | 25 |
| 9 | പെൻഷൻ | 20 | -- | 26,400 | -- | -- |
| 10 | കുടിവെള്ളം | 76 | 19 | 3,80,000 | 95,000 | 25 |
| 11 | മറ്റുള്ളവ | 61 | 22 | 5,64,200 | 1,82,536 | 32 |
| | | | | 52,46,900 | 13,85,036 | 26 |

02.12.2016 ലെ സർക്കാർ ഉത്തരവ് (സാധാ) 3287/2016/തസ്വഭവ പ്രകാരം ഇതിന്റെ തുടർസേവനപദ്ധതികൾക്ക് 95,39,280/- രൂപയുടെ അടങ്കലുള്ള പദ്ധതിയ്ക്ക് 2017-18 വരെ നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.ഇതേ ഉത്തരവ് പ്രകാരം രണ്ടാം ഘട്ട ആശ്രയപദ്ധതിക്ക് 1,97,02,100/- രൂപയുടെ അടങ്കലുള്ള പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആശ്രയപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 3-6 പരിധിയിൽ കവിഞ്ഞ തുക നല്കിയത് അംഗീകരിക്കുന്നില്ല

പ്രൊജക്ട് നമ്പർ 35/16 പഠനോപകരണങ്ങൾ വിതരണം ചെയ്യുക (ഫർണിച്ചർ ഫോർ എസ്.സി സ്റ്റുഡൻസ്) എന്ന പദ്ധതിയിൽ അടങ്കൽ 1,00,000/- (SCP) വകയിരുത്തുകയും ബിൽ നമ്പർ 7/15-16 പ്രകാരം 96,372/- രൂപ സിഡ്കോ, മഞ്ചേരിക്ക് നൽകുകയും ചെയ്തിട്ടുണ്ട് (രശീതി നമ്പർ 3935). ഇവ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ 21 എസ്.സി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ

ഇൻവോയ്സ് നമ്പർ SMCMJ10525/29.2.16

| ഫർണിച്ചർ | റേറ്റ് | എണ്ണം | തുക |
|---|---|---|---|
| Steel table with 1 drawer & cupboard 18mm laminated board top 90x45x75cm | 3488 | 21 | 73,248 |
| Armed fibre chair | 520 | 21 | 10,920 |
| Vat 14.5% | | | 12,204 |

| Total | | | 96,372 |
|---|---|---|---|

ജി.ഒ(എം.എസ്) 362/2013 തസ്വഭവ തീയ്യതി 16/11/2013 പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8(3) ൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 4,000/- രൂപ ധനസഹായം നല്കാവുന്നതും ഇവ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിനല്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും വ്യക്തമാക്കുന്നു. എന്നാൽ ഒരു വിദ്യാർത്ഥിയ്ക്ക് ₹ 4,589/- (96372/21) ചെലവഴിക്കുകവഴി ₹ 12,369/- രൂപ (589x21) നഷ്ടമുണ്ടായിട്ടുണ്ട്.

ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.08/2016 dt. 26.12.16 നൽകിയതിന് മാർഗ്ഗരേഖയിൽ പറഞ്ഞ പരിധി അറിയാത്തതിനാൽ നഷ്ടം സംഭവിച്ചതാണെന്ന് മറുപടി നല്കിയത് അംഗീകരിക്കുന്നില്ല.

## 3-7 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

താനാളൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ മുഖേന നടപ്പാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | പ്രൊജക്ട്,അടങ്കൽ, ഫണ്ട് | ബിൽ നമ്പർ, തുക | ചെലവിനം, തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 178/16ഒന്നാംതരം ഒന്നാം ക്ളാസ് 1,00,000 വികസനഫണ്ട് | 1/15-16 50,000 | പഠനോപകരണങ്ങൾ: 20,000 പ്രിന്റിംങ് മെറ്റീരിയൽസ് 13,000 ഓണറേറിയം 17,000 ആകെ 50,000 | ജി.ഒ(എംഎസ്) 362/13 /തസ്വഭവ തീയതി 16/11/13 പ്രകാരമുള്ള മാർഗ്ഗരേഖയിൽ പെടാത്ത ചെലവ്- സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. |
| 2 | 25/16 അറിവകം എജ്യുക്കേഷണൽ പ്രോഗ്രാം | 09/15-16 74,925 | വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് പഠനയാത്ര,യാത്രാചെലവ്, ഭക്ഷണം,കലോത്സവത്തിലെ വിധികർത്താക്കൾക്ക് പ്രതിഫലം തുടങ്ങിയവ | -ടി- |
| 3 | 36/16 പെൺകുട്ടികൾക്ക് കായികപരിശീലനം | ട്രഷറി ചെക്ക് നം.SB/GJ 1105140/ 21.3.16 24,300 | ഭക്ഷണം 17,300/- കോച്ചിന് പ്രതിഫലം 7,000/- | -ടി- |
| 4 | 37/16 ഫുട്ബാൾ,ക്രിക്കറ്റ്,വോളിബോൾ പരിശീലനം | 12/15-16 25,500 | ഭക്ഷണം 18,500/- കോച്ചിന് പ്രതിഫലം 7,000/- | -ടി- |
| 5 | 176/16 ലാപ്പ്ടോപ്പ് റ്റു എസ്.സി സ്റ്റുഡന്റ് ഫോർ ഹയർ സ്റ്റഡീസ് | 13/15-16 84,420 | മുൻഗണനാപട്ടികയിലെ ക്രമനമ്പർ 13(നന്ദകിഷോർ) 21(ധീരജ്) എന്നിവർക്ക് നല്കിയത് | ഉയർന്ന മാർക്ക് നേടിയവരുടെ നിരാക്ഷേപസാക്ഷ്യപത്രമില്ല |
| 6 | 66/16 അതുല്യം സമ്പൂർണ പ്രാഥമിക വിദ്യഭ്യാസപരിപാടി | വൗച്ചർ 21500273/ 14.9.15 Rs 1,64,310 | സാക്ഷരതാ പഠിതാക്കൾക്ക് ക്ളാസെടുത്തതിന് ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം , | തുല്യതാപരീക്ഷക്ക് സംസ്ഥാനസാക്ഷരതാ മിഷൻ പഠിതാക്കളുടെ ഫീസിനത്തിൽ കൊടുക്കേണ്ടതുക |

| | | | | |
|---|---|---|---|---|
| | | തനത്ഫണ്ട് | ബോധവൽക്കരണക്യാമ്പുകൾ, ഫോട്ടോസ്റ്റാറ്റ്, നേത്രപരിശോധനക്യാമ്പുകൾ, പരീക്ഷ എന്നിവക്കുള്ള ചെലവ് | ചെലവഴിച്ചത് ക്രമപ്രകാരമല്ല |
| | ആകെ | 4,23,455 | | |

ഓഡിറ്റ് എൻക്വയറി നം.12/2016 dt.27.12.16നല്കിയ മറുപടിയിൽ എസ്.എസ്.എ പോലുള്ള ഏജൻസികൾ നല്കുന്ന ഫണ്ടുകൾ ഇത്തരം പരിപാടികൾക്ക് പര്യാപ്തമല്ല എന്നതിനാലാണ് കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കി. മറപടി തൃപ്തികരമല്ല. ₹ 4,23,455/- രൂപ തടസം ചെയ്യുന്നു.

## 3-8 പരിരക്ഷ:അപാകതകൾ

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0 33/2016 "പരിരക്ഷ" പദ്ധതിയിൽ പാലിച്ചിട്ടില്ലെന്ന് കാണുന്നു. പദ്ധതി നിർവഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല.

4. മാർഗ്ഗരേഖ ഖ.2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം *"ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അനുസരിച്ച് അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."* ആയത് *പാലിച്ചിട്ടില്ല.*

*5.* മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. എന്നാൽ ഈ നിർദേശവുമായി ബന്ധപ്പെട്ട തുടർ നടപടി പരിശോധിക്കാൻ യുക്തമായ രേഖകൾ ഹാജറാക്കിയിട്ടില്ല.*

*6. ഗൃഹസന്ദർശന ഡയറി പരിശോധിച്ചതിൽ 29.5.15 ന ഗൃഹസന്ദർശനം നടത്തിയിട്ടില്ലെങ്കിലും വൗച്ചർ നം . 16/15-16 തിയതി 29.5.15 പ്രകാരം 1000(ബിൽ നം.1/15-16 തി.15.10.15) രൂപ വാഹന വാടക ഇനത്തിൽ നല്കിയിട്ടുണ്ട്.*

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി നല്കിയിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അധികമായി ചെലവഴിച്ച 1000 രൂപ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

## 3-9 ടെണ്ടർ നടപടി കൂടാതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി

പാലിയേറ്റീവ് രോഗികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം. 174/16 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സിഡ്കോ മഞ്ചേരിയിൽ നിന്നും (കേരളാ സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, മാർക്കറ്റിങ് ഡിവിഷൻ, കടവന്ത്ര പി.ഒ.,കൊച്ചി) താഴെ കാണുന്ന ഉപകരണങ്ങൾ ടെണ്ടർ ക്ഷണിക്കാതെ വാങ്ങിയിട്ടുണ്ട്.

ജി.ഒ (ആർ.ടി) 74/2014/എസ്.പി.ഡി തിയതി 19-12-2014 പ്രകാരം സിഡ്കോ നിർമ്മിച്ചതോ സിഡ്കോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിച്ചിട്ടുള്ളതോ ആയ വസ്തുക്കൾ മാത്രമേ ടെണ്ടർ നടപടി കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനു വിരുദ്ധമായി താഴെ കാണുന്ന മെഡിക്കൽ ഉപകരണങ്ങൾ നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല.

1. വീൽ ചെയർ (33000 രൂപ)
2. എൽബൊ ക്രച്ചസ് (1500)
3. വാക്കർ (11000)
4. നെബുലൈസർ (23600)
5. ഓട്ടോക്ളേവ് (9500)
6. ഇലക്ട്രിക് എയർ കിടക്ക (88000)
7. സർജിക്കൽ ബിൻ (800)
8. സർജിക്കൽ ട്രേ (660)
9. ആർട്ടെറി ഫോഴ്സപ്പ് (960)
10. കോണ്ഡം കാതറർ (540)
11. സ്റ്റെറിലൈസർ (4000)
12. കോട്ട് വിത്ത് ബാക്ക് റെസ്റ്റ് (15800)
13. ബി.പി.അപ്പാരറ്റസ് (2800)
14. വാകിങ്ങ് സ്റ്റിക്ക് (550)

ഇക്കാര്യമുന്നയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 5/23.12.2016 നു ലഭ്യമാക്കിയ അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. അനുമതി ഉത്തരവ് ഹാജരാക്കും വരെ ചെലവ് തുക 2,00,000 തടസ്സം ചെയ്യുന്നു.

## 3-10 അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന് അധികം തുക നൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം. 29/16 - അനുപൂരക പോഷകാഹാര പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിലെ 40 അംഗൻവാടികളിലൂടെ പോഷകാഹാരം വിതരണം ചെയ്യുന്നതിന് 28,76,135 രൂപ ചെലവഴിച്ചിട്ടുണ്ട്. തിരൂർ ഫാർമേഴ്സ് കോ - ഓപറേറ്റീവ് ക്രെഡിറ്റ് & മാർക്കറ്റിംഗ് സൊസൈറ്റി,കുടുംബശ്രീ യൂണിറ്റുകൾ, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നാണ് ഭക്ഷണ സാധനങ്ങൾ വാങ്ങിയത്. കിലോയ്ക്ക് 1. 25 രൂപ നിരക്കിൽ ശ്രീ. മനോഹരൻ എന്നയാൾക്ക് കടത്തുകൂലിയും നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

അംഗൻവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പ്രോജക്ടുകൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ്, റേഷൻ കടകൾ, കുടുംബശ്രീ യൂണിറ്റുകൾ, നീതി / സഹകരണ സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിന് സർക്കുലർ നം. 31956/2008/ഡി.ബി.2/ തസ്വഭവ തിയതി : 14.05.2008, സർക്കുലർ നം. 62393/ഡി.ബി.2/10/തസ്വഭവ തിയതി : 18.11.2010 എന്നിവ മുഖേന അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ

സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ പാടുള്ളൂ എന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും സർക്കുലർ നം. 54814/ഡി.സി.2 /2010/തസ്വഭവ തിയതി: 04.05.2011 മുഖേന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന്, സാമൂഹ്യ ക്ഷേമ ഡയറക്ടർ 12.07.2011 ന് പുറപ്പെടുവിച്ച ICDS/ബി 3- 6136/11 നം. സർക്കുലറിൽ ഇതേ നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ, ഈ നിർദ്ദേശങ്ങളൊന്നും പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ മുഖേന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ ശ്രമിക്കാതെയാണ്, സർക്കാർ നിർദ്ദേശം മറികടന്ന് തിരൂർ ഫാർമേഴ്സ് കോ - ഓപറേറ്റീവ് ക്രെഡിറ്റ് & മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയത്. ഇതിന് പഞ്ചായത്ത് തീരുമാനമെടുത്തതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. സാധനങ്ങൾ അംഗൻവാടികളിൽ എത്തിക്കുന്നതിന് ശ്രീ. മനോഹരനെ (@ 1. 25/Kg) തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട കരാർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കാരണം വിശദീകരിക്കേണ്ടതാണ്.

തിരൂർ ഫാർമേഴ്സ് കോ - ഓപറേറ്റീവ് ക്രെഡിറ്റ് & മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെയും പണം നൽകിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ആകെ ബിൽ തുക | ബിൽ നം. / ചെക്ക് നമ്പർ | തിരൂർ ഫാർമേഴ്സ് കോ - ഓപറേറ്റീവ് ക്രെഡിറ്റ് & മാർക്കറ്റിംഗ് സൊസൈറ്റിക്ക് നൽകിയ തുക | ഡി.ഡി. നം./തിയതി |
|---|---|---|---|
| 76135( കേന്ദ്ര വിഹിതം) | 21500072/18-5-15 | 65,000 | 636009/21-5-15(16000)<br>636010/21-5-15(49000) |
| 707573(വികസനഫണ്ട്) | 1/15-16/27-7-15 | 462611 | 416583/30-7-15 |
| 151451(വികസനഫണ്ട്) | 2/15-16/26-8-15 | - | - |
| 966604(വികസനഫണ്ട്) | 3/15-16/22-12-15 | 576647 | 881826/22-12-15 |
| 106725(വികസനഫണ്ട്) | 5/15-16/29-12-15 | - | - |
| 652498(വികസനഫണ്ട്) | 6/15-16/10-2-16 | 535699 | 188240/15-2-16 |
| 215149(വികസനഫണ്ട്) | 10/15-16/19-3-16 | - | - |
| ആകെ =2876135 | | ആകെ =1639957 | |

സപ്ലൈകോ വിലയുമായി താരതമ്യം ചെയ്യുമ്പോൾ, താഴെ പറയുന്ന ഇനങ്ങൾക്ക് തിരൂർ ഫാർമേഴ്സ് കോ - ഓപറേറ്റീവ് ക്രെഡിറ്റ് & മാർക്കറ്റിംഗ് സൊസൈറ്റി അധികവില ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ ,ബിൽ നം. | ഇനം | വില | തൂക്കം കി.ഗ്രാം | നൽകിയ തുക | സപ്ലൈകോ വില | തുക | അധികം ഈടാക്കിയത് |
|---|---|---|---|---|---|---|---|---|
| 1 | 51/26-2-15<br>ചെക്ക് നമ്പർ<br>21500072<br>/18-5-15 | അരി (കുറുവ) | 32 | 2000 | 64000(64000+ കടത്ത്കൂലി 1000=65000) | 25 | 50,000 | 14000 |
| 2 | 67/15/<br>14-7-15<br>( ട്രഷറി ബിൽനമ്പർ<br>1/15-16/<br>27-7-15) | റാഗി | 32 | 2950 | 94400 (ഡി.ഡി. നം./തിയതി416583/ 30.7.15) | 22 | 64900 | 29500 |
| 3 | 76/29-10-15( | ശർക്കര | 45 | 1150 | 51750 | 39.90 | 45885 | 5865 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ട്രഷറി ബിൽനമ്പർ 3/15-16/ 18-12-15) | | | | (ഡി.ഡി. നം./തിയതി881826/ 22.12.15) | | | |
| 4 | 77/29-10-15 ( ട്രഷറി ബിൽനമ്പർ 3/15-16/ 18-12-15) | റാഗി | 31 | 3000 | 93000 (ഡി.ഡി. നം./തിയതി 881826/ 22.12.15) | 22.50 | 67500 | 25500 |
| 5 | 87/11-1-16 ( ട്രഷറി ബിൽനമ്പർ 6/15-16/ 10-2-16) | ശർക്കര | 48 | 1600 | 76800 (ഡി.ഡി. നം./തിയതി 188240/ 15-2-16) | 40.10 | 64160 | 12640 |
| 6 | 88/11-1-16 ( ട്രഷറി ബിൽനമ്പർ 6/15-16/ 10-2-16) | റാഗി | 32 | 2000 | 64000 (ഡി.ഡി. നം./തിയതി 188240/ 15-2-16) | 24 | 48000 | 16000 |
| | | ശർക്കര | 48 | 800 | 38400(ഡി.ഡി. നം./തിയതി188240/ 15.2.16) | 40.10 | 32080 | 6320 |
| ആകെ | | | | | | | | 109825 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/23-12-16ക്കുള്ള മറുപടിയിൽ ഗുണനിലവാരംമുള്ള ഭക്ഷണസാധനങ്ങളാണ് സ്റ്റോർ വഴി വിതരണം ചെയ്യുന്നത് എന്ന് അറിയിച്ചു. എന്നാൽ ഗുണനിലവാരംമുള്ള ഭക്ഷണസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ ഇത്തരം സ്ഥാപനങ്ങളിൽനിന്നും വാങ്ങാവൂ എന്ന ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ തുക 109825 രൂപ തിരികെ അടവാക്കേണ്ടതും.ടി സ്ഥാപനത്തെ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാൻ തെരഞ്ഞെടുത്ത പഞ്ചായത്ത് തീരുമാനത്തിന്റെയും സ്ഥാപനവുമായി കരാർ ചമച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

## 3-11 അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

താനാളൂർ ഗ്രാമപഞ്ചായത്തിൽ ആകെ 40 അംഗൻവാടികളാണ് ഉള്ളത്. ആയതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് 22 എണ്ണത്തിന് മാത്രമാണ്. വാടക കെട്ടിടത്തിൽ 18 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ 8 എണ്ണം ഷീറ്റിട്ടവയാണ് ഇവയിൽ സെന്റർ നമ്പർ 91 മൂച്ചിക്കൽ അംഗൻവാടി, സെന്റർ നമ്പർ 68 താടിപ്പടി എന്നീ കെട്ടിടങ്ങൾ ഫിറ്റ്നസില്ലാതെ ജീർണ്ണാവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. , 20 അംഗൻവാടികൾക്ക് ഇനിയും ഗ്യാസ് കണക്ഷൻ നൽകിയിട്ടില്ല. 15 അംഗൻവാടികൾ കുടിവെള്ള ത്തിനായി സമീപ വീടുകളെയാണ് ആശ്രയിക്കുന്നത്. ഒരു അംഗനവാടിയിലും ബേബി ഫ്രണ്ട്ലി ടോയിലറ്റ് ഇല്ല. 15 അംഗനവാടികളിൽ ഫാനില്ല.

ഗവൺമെന്റ സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22/03/2011 പ്രകാരം വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ സന്ദർശിക്കേണ്ടതും. പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2015-16 വർഷത്തിൽ പഞ്ചായത്തിലെ 2 അംഗൻവാടി കൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഫിറ്റ്നസോടുകൂടി 6 അംഗൻവാടികൾ ഷീറ്റിട്ട കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല.

ആയതിനാൽ അംഗൻവാടികളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഇ.എം.എസ് ഭവന പദ്ധതി-വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ചില ഗുണഭോക്താക്കൾ കരാർ ചമച്ച് ഗഡുക്കൾകൈപറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.വിശദ വിവരം ചുവടെ

| ഗുണഭോക്താവ് | കരാർചമച്ച തിയതി | കൈപറ്റിയ തുക |
|---|---|---|
| ശ്രീമതി.മറിയ | 5-6-2010 | 22500 |
| ശ്രീമതി.ബിയ്യ | 24-7-2010 | 67500 |
| ശ്രീമതി.കാർത്ത്യായനി | 26-7-2010 | 52500 |
| ശ്രീമതി.സുഹറാബി | 10-6-2010 | 67500 |
| ശ്രീ.അബ്ദുൾമജീദ് | 14-6-2010 | 67500 |
| ശ്രീമതി.ജയശ്രീ | 2-7-2010 | 67500 |
| ശ്രീമതി.നഫീസ | 30-6-2010 | 67500 |
| ശ്രീമതി.നസീമ | 2-6-2010 | 15,000 |

വീടുനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കരാർ വ്യവസ്ഥ പ്രകാരമുള്ള കൈപറ്റിയ തുക തിരികെ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 3-13 വെറ്ററിനറി:പദ്ധതികൾ മുഴുവനായും നടപ്പാക്കിയില്ല

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 9,69,525 രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും 42000 രൂപയുടെ മരുന്നു വാങ്ങൽ പദ്ധതി മാത്രമാണ നടപ്പിലാക്കിയിട്ടുള്ളത് . മൊത്തം വിഭാവനം ചെയ്ത തുകയുടെ 5 ശതമാനം പോലും വരുന്നില്ല ഇത്. പദ്ധതി നടത്തിപ്പിലെ ഈ വീഴ്ചക്ക വിശദീകരണം നല്കേണ്ടതാണ്. ഭാവിയിൽ യാഥാർഥ്യബോധത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്. ഇക്കാര്യത്തിലെ വീഴ്ച്ച ഓഡിറ്റ് ഗൗരവ പൂർവം വീക്ഷിക്കുന്നതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നമ്പർ | നിക്ഷേപിച്ച തുക | ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| KSEB | അംഗൻവാടി വൈദ്യുതീകരണം (143/16) | 21500885/ 31-3-16 | 116928 | - | 116928 |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ (234/16), (229/16) | | 2495748 | - | 2495748 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2015-16 വർഷത്തിൽ വാർഷിക കണക്ക് പ്രകാരം 277385 രൂപ EMS ലോൺ ഇനത്തിൽ തിരിച്ചടവുണ്ട്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15 64 427/- |
| തൻവർഷം നിക്ഷേപിച്ച തുക | 3126885 |
| ആകെ | 4691312 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 3000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1691312 |

| | |
|---|---|
| ബാങ്ക് | കോ-ഓപ്പറേറ്റീവ് ബാങ്ക്, ഒഴൂർ |
| അക്കൗണ്ട് നം./തിയതി | കെ.സി.സി/01/140067005702/ 29.9.2014 |
| കാലാവധി | 6 മാസം |
| തുക | 1691312 |
| പലിശ | 8.50% |

ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-12 പ്രകാരം 2500 രൂപ പ്രിഫറൻസ് ഷെയർ ഉണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | - | പൂർത്തീകരിക്കാത്ത പ്രവർത്തികൾ (75000/-) | നടപടി തുടരുന്നു |
| 1998-99 | 32 | 2003-04 | - | റീ ടെണ്ടർ നഷ്ടം (24459) | നടപടി തുടരുന്നു |
| 2000-01 | 37 | 2003-04 | - | വീട് മേൽക്കൂര നിർമാമാണം (61200) | നടപടി തുടരുന്നു |
| 2008-09 | - | 2011-12 | - | കൃഷി അവലോകനം | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 44828876 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 47961367 |
| വരവിനങ്ങളിലുള്ള നഷ്ടം₹ | 8190 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | 1,23,194 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 33,72,537 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| 2-1 | 2146 | | ശ്രീമതി.രമണി.(സെക്രട്ടറി) |
| 2-3(1) | 6044 | | ശ്രീമതി.ശ്രീദേവി.എൻ.(സെക്രട്ടറി ഇൻചാർജ്)-4766(part) |
| | | | ശ്രീമതി.രമണി.(സെക്രട്ടറി)-1278(part) |
| 3-6 | | 12,369 | ശ്രീ.അബ്ദുറഹിമാൻ, ഹെഡ് മാസ്റ്റർ |
| 3-8 | | 1000 | ഡോ.പ്രസന്നകുമാർ.വി<br>മെഡിക്കൽഓഫീസർ (പി.എച്ച്.സി) |
| 3-10 | | 109825 | ശ്രീമതി.കാർത്ത്യായനി.<br>ICDS സൂപ്പർവൈസർ-(14000 part) |
| | | | ശ്രീമതി.കാനകവല്ലി,<br>ICDS സൂപ്പർവൈസർ-(60865 part) |
| | | | ശ്രീമതി.പ്രേമ<br>ICDS സൂപ്പർവൈസർ-(34960 part) |
| ആകെ | 8190 | 1,23,194 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 188334 | ശ്രീമതി.രമണി.(സെക്രട്ടറി) |
| 3-3 | 2495748 | ശ്രീമതി.രമണി.(സെക്രട്ടറി) |
| 3-4 | 65000 | ശ്രീ. എ.പി. അനിൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 423455 | ശ്രീ.അബ്ദുറഹിമാൻ,<br>ഹെഡ് മാസ്റ്റർ |
| 3-10 | 200000 | ഡോ.അബ്ദുൾ ജലീൽ , |

| | | |
|---|---|---|
| | | മെഡിക്കൽഓഫീസർ (പി.എച്ച്.സി) |
| ആകെ | 33,72,537 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക<br>₹ | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 107 | ശ്രീമതി.രമണി.(സെക്രട്ടറി) |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രമണി സെക്രട്ടറി | സെക്രട്ടറി,<br>താനാളൂർ ഗ്രാമപഞ്ചായത്ത് | പുതുമനതെക്കേമഠം, ,<br>ഇന്ത്യനൂർ പി.ഒ,കോട്ടക്കൽ |
| ശ്രീമതി. ശ്രീദേവി. എൻ,<br>അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, രാമപുരം<br>ഗ്രാമപഞ്ചായത്ത്, കോട്ടയം | വെള്ളക്കാട്ടേൽ വീട്,<br>കിഴകൊമ്പ് പി.ഒ, കൂത്താട്ടുകുളം |
| ശ്രീ.സാദിർ ഇബ്ന കാസിം,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>തൂണേരി ബ്ലോക്ക് | തിരുത്തുൽ ഹൗസ്,<br>പറവണ്ണ പി.ഒ,തിരൂർ |
| ശ്രീ.ജയപ്രകാശ് അസിസ്റ്റന്റ്<br>എഞ്ചിനിയർ(ചാർജ്) | അസിസ്റ്റന്റ് എഞ്ചിനിയർ എഴുമാറ്റൂർ<br>ഗ്രാമപഞ്ചായത്ത് | ഗോവിന്ദം.പെരിഞ്ഞോട്ടക്കൽ,<br>പി.ഒ.കോന്നി,പത്തനംതിട്ട |
| ഡോ.പ്രസന്നകുമാർ.വി<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | വിരമിച്ചു | വിളവത്ത്<br>ഹൗസ്,തൃക്കണ്ടിയൂർ,തിരൂർ |
| ശ്രീമതി.കാർത്ത്യായനി. ICDS<br>സൂപ്പർവൈസർ | വിരമിച്ചു | തുപ്പയിൽപറമ്പിൽ ഹൗസ്,<br>കാട്ടിലങ്ങാടി,<br>താനൂർ.പി.ഒ |
| ശ്രീമതി.കാനകവല്ലി, ICDS | ICDS സൂപ്പർവൈസർ,താനാളൂർ | മംഗലശ്ശേരി ഹൗസ്, |

| | | |
|---|---|---|
| സൂപ്പർവൈസർ | ഗ്രാമപഞ്ചായത്ത് | തൃക്കണ്ടിയൂർ,തിരൂർ |
| ശ്രീമതി.പ്രേമ<br>ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, താനൂർമുനിസിപ്പാലിറ്റി | ദേവികൃഷ്ണ,തലപ്പള്ളി ഹൗസ്,,കുമാരംപടി, നിറമരുതൂർ.പി.ഒ |
| ശ്രീ.അബ്ദുറഹിമാൻ, ഹെഡ് മാസ്റ്റർ | വിരമിച്ചു | മൂഴിക്കൽ ഹൗസ്,കെ.പുരം പി.ഒ.തിരൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.എം.7/1739/94 തി.07.10.2010 | 10 |
| 1992-93,<br>1993-94,<br>1994-95 | എൽ.എഫ്.എം.15/573/03 തി.07.10.2010 | 05 |
| 1995-96 | എൽ.എഫ്.എം.15/1290/01 തി.07.10.2010 | 18 |
| 1996-97 | എൽ.എഫ്.എം.15/1482/03 തി.07.10.2010 | 21 |
| 1997-98 | എൽ.എഫ്.എം.15/1300/01 തി.07.10.2010 | 04 |
| 1998-99 | എൽ.എഫ്.എം.15/227/02 തി.07.10.2010 | 21 |
| 1999-00 | എൽ.എഫ്.എം.15/617/02 തി.07.10.2010 | 11 |
| 2000-01 | എൽ.എഫ്.എം.15/967/10 തി.07.10.2010 | 06 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.15/247/06 തി.07.10.2010 | 12 |
| 2002-03 | എൽ.എഫ്.എം.15/2189/09 തി.07.10.2010 | 02 |
| 2004-05 | എൽ.എഫ്.എം.15/2171/09തി.07.10.2010 | 06 |
| 2005-06 | എൽ.എഫ്.എം.15/2089/11 തി.22.03.2012 | 09 |
| 2006-07 | എൽ.എഫ്.എം.15/2090/11 തി.19.03.2012 | 06 |
| 2007-08 | എൽ.എഫ്.എം.15/646/12 തി.21.05.2012 | 12 |
| 2008-09, | എൽ.എഫ്.എം.15/647/12 തി.25.04.2012 | 22 |
| 2009-10,<br>2010-11 | എൽ.എഫ്.എം.15/2374/13 തി.12.12.2013 | 20 |
| 2011-12,<br>2012-13 | എൽ.എഫ്.എം.15/42/16 തി.02.02.2016 | 25 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം. 15/2064/16 തി. 9-8-16 | 11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് ഓഡിറ്റ്

## 4-10 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം.15/15/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയതി 03/02/2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നും സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

## 4-11 AUDIT CERTIFICATE

Kerala State Audit Department

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.03/02/2017

CERTIFICATE

Certified that I have examined the Annual Financial Statement of Thanalur Grama Panchayat for the year ended

on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Thanalur Grama Panchayat for the year 2015-16 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM